# കില
## വാർത്താപത്രിക

VOLUME-9
ISSUE-3
MARCH 2016

kila@kilaonline.org | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kilaonline.org




ആദിവാസി ഊരുകൾക്കു സ്വയംഭരണാവകാശം ലഭ്യമാക്കുന്ന പെസയുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച ഏകദിനശിൽപ്പശാല സംസ്ഥാന ആസൂത്രണബോർഡ് വൈസ് ചെയർമാൻ **കെ.എം.ചന്ദ്രശേഖർ** ഉദ്ഘാടനം ചെയ്യുന്നു

# ആദിവാസി ഊരുകൾക്കു സ്വയംഭരണാവകാശം പെസ ഫലപ്രദമായി നടപ്പിലാക്കണമെന്ന് ആസൂത്രണബോർഡ് വൈസ് ചെയർമാൻ

ആദിവാസി ഊരുകൾക്കു സ്വയംഭരണാവകാശം ലഭ്യമാക്കുന്ന പെസ (പഞ്ചായത്ത് എകസ്റ്ററഷൻ ടു ഷെഡ്യൂൾഡ് ഏരിയ) ബാധകമായ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ അതുഫലപ്രദമായി നടപ്പിലാക്കണമെന്നു സംസ്ഥാന ആസൂത്രണബോർഡ് വൈസ് ചെയർമാൻ കെ.എം. ചന്ദ്രശേഖർ അഭിപ്രായപ്പെട്ടു. പെസയുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച ഏകദിനശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മുൻവർഷത്തെ അപേക്ഷിച്ച് ഇക്കുറി പദ്ധതിവിഹിതം മൂന്നു ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. പട്ടികവർഗ്ഗവിഭാഗങ്ങളുടെ വികസനത്തിനു മുൻഗണന നൽകുന്നതുകൊണ്ടാണ് ഇതു വർദ്ധിപ്പിച്ചത്. ഓരോ വർഷവും ശരാശരി 700 കോടി രൂപ ഈ വിഭാഗത്തിനായി ചെലവഴിക്കുന്നുണ്ട്. അതിന്റെ ഫലപ്രദമായ വിനിയോഗത്തിനു ആദിവാസി ഊരുകളുടെ സ്വയംഭരണം അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു.

കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷനായിരുന്നു. കില അസി.പ്രൊഫ. ഡോ.ജെ.ബി.രാജൻ, കെ.വി. മോഹൻകുമാർ എന്നിവർ സംസാരിച്ചു.പെസ ബാധകമായ തദ്ദേശസ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാരും ആദിവാസിമേഖലയിലെ സന്നദ്ധ സാമൂഹ്യപ്രവർത്തകരുമാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്. പെസ ബാധകമായ 31 ഗ്രാമപഞ്ചായത്തുകളിലും മൂന്നു നഗരസഭകളിലുമായി 2445 ഊരകളാണുള്ളത്. ഇടുക്കി,കണ്ണൂർ, പാലക്കാട്, വയനാട് ജില്ലകളിലായി ഇതു വ്യാപിച്ചുകിടക്കുന്നു. കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചാൽ തെരഞ്ഞെടുക്കപ്പെട്ട ഈ ആദിവാസി ഊരുകൾക്കു സ്വയംഭരണാവകാശം ലഭിക്കുന്നതാണ്. സംസ്ഥാനസർക്കാർ കഴിഞ്ഞ വർഷം അംഗീകരിച്ച നിയമം പാർലിമെന്റിന്റെ അംഗീകാരത്തിനായി അയച്ചിരിക്കുകയാണ്.

# കൊല്ലം ജില്ലയിലെ കുലശേഖരപുരം മികച്ച ഗ്രാമപഞ്ചായത്ത്

**മികച്ച ഗ്രാമപഞ്ചായത്ത്**

ഒന്നാംസ്ഥാനം : കുലശേഖരപുരം ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല. രണ്ടാംസ്ഥാനം : ചെമ്പിലോട് ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല. മൂന്നാംസ്ഥാനം : ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല.

**മികച്ച ബ്ലോക്ക് പഞ്ചായത്ത്**

ഒന്നാംസ്ഥാനം : കാളികാവ് ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം ജില്ല. രണ്ടാംസ്ഥാനം : ളാലം ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ല. മൂന്നാംസ്ഥാനം : ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത്, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്.

**മികച്ച ജില്ലാപഞ്ചായത്ത്**

ഒന്നാംസ്ഥാനം : എറണാകുളം ജില്ലാപഞ്ചായത്ത്
രണ്ടാംസ്ഥാനം : മലപ്പുറം ജില്ലാപഞ്ചായത്ത്

**സം**സ്ഥാനതലത്തിൽ 2014-2015 വർഷത്തെ മികച്ച ഗ്രാമപഞ്ചായത്തായി കൊല്ലം ജില്ലയിലെ കുലശേഖരപുരം തെരഞ്ഞെടുക്കപ്പെട്ടു. കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമപഞ്ചായത്തിനു രണ്ടാംസ്ഥാനവും പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം പഞ്ചായത്തിനു മൂന്നാംസ്ഥാനവും ലഭിച്ചു. മലപ്പുറത്തെ കാളികാവാണ് മികച്ച ബ്ലോക്ക് പഞ്ചായത്ത്. കോട്ടയം ജില്ലയിലെ ളാലം ബ്ലോക്ക് രണ്ടാംസ്ഥാനവും ഈരാറ്റുപേട്ടയും കൊട്ടാരക്കരയും മൂന്നാം സ്ഥാനവും നേടി. ജില്ലാപഞ്ചായത്തുകളിൽ എറണാകുളത്തിനാണ് ഒന്നാംസ്ഥാനം. രണ്ടാംസ്ഥാനം മലപ്പുറം ജില്ലാപഞ്ചായത്തിനും.

ആദ്യമൂന്നു സ്ഥാനങ്ങൾ നേടിയ ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകൾക്കു 25 ലക്ഷം,20 ലക്ഷം, 15 ലക്ഷം എന്നീ ക്രമത്തിൽ പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കും.മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി നിർവഹണത്തിൽ മികവു പുലർത്തിയ ഗ്രാമപഞ്ചായത്തുകൾക്കുള്ള മഹാത്മാപുരസ്കാരങ്ങളിൽ ഒന്നാംസ്ഥാനം നീലംപേരൂർ ഗ്രാമപഞ്ചായത്തിനാണ്. രണ്ടാംസ്ഥാനം വയലാറിനും മൂന്നാംസ്ഥാനം ചേർത്തല സൗത്ത് ഗ്രാമപഞ്ചായത്തിനും ലഭിച്ചു.(മൂന്നു പഞ്ചായത്തുകളും ആലപ്പുഴ ജില്ലയിൽ)

ജില്ലാടിസ്ഥാനത്തിൽ വിജയിച്ച മികച്ച പഞ്ചായത്തുകൾ. യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ.

തിരുവനന്തപുരം: മണിക്കൽ, രണ്ടാംസ്ഥാനം ഇല്ല.പത്തനംതിട്ട: തുമ്പമൺ, 2 ഇല്ല. ആലപ്പുഴ:എടത്വ, 2 ഇല്ല. കോട്ടയം, കതീരൂർ, മുത്തോലി. ഇടുക്കി ജില്ല: ഒന്നും രണ്ടും സ്ഥാനങ്ങളില്ല. എറണാകുളം: പാമ്പാക്കുട,മണീട്.തൃശ്ശൂർ: പൂമംഗലം, വടക്കേക്കാട്. മലപ്പുറം: പൊൻമുണ്ട. 2.ഇല്ല.കോഴിക്കോട്: കായണ്ണ, അരിക്കുളം.വയനാട്: വൈത്തിരി, 2.ഇല്ല.കണ്ണൂർ: പെരിങ്ങോം വയക്കര. 2. ഇല്ല. കാസർകോട്: മടിക്കൈ. 2.ഇല്ല.

മഹാത്മാപുരസ്കാരത്തിനു ജില്ലാതലത്തിൽ മികവു പുലർത്തിയ ഗ്രാമപഞ്ചായത്തുകൾ.യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ.

തിരുവനന്തപുരം ജില്ല: കള്ളിക്കാട്, കടക്കാവൂർ.കൊല്ലം: മയ്യനാട്, കടയ്ക്കൽ. പത്തനംതിട്ട: കവിയൂർ,ഏറത്ത്. കോട്ടയം: കുറവിലങ്ങാട്, ഈരാററുപേട്ട. ആലപ്പുഴ:ഭരണിക്കാവ്, താമരക്കുളം. എറണാകുളം:കടുങ്ങല്ലൂർ, നെടുമ്പാശ്ശേരി. ഇടുക്കി: ഇടമലക്കുടി, രാജാക്കാട്. തൃശ്ശൂർ:ഏങ്ങണ്ടിയൂർ, തളിക്കുളം. പാലക്കാട്:അകത്തേത്തറ, കടമ്പഴിപ്പുറം. മലപ്പുറം: തേഞ്ഞിപ്പാലം, വള്ളിക്കുന്നം. കോഴിക്കോട്: മാവൂർ, കൊടിയത്തൂർ.വയനാട്:മീനങ്ങാടി, ഇടവക. കണ്ണൂർ: പെരളശ്ശേരി, കോളച്ചേരി. കാസർകോട്: പുനത്തടി, പുത്തിഗൈ.




തദ്ദേശസ്ഥാപനങ്ങളിലെ അക്കൗണ്ടൻമാർക്കു കിലയിൽ സംഘടിപ്പിച്ച ഏകദിന ശിൽപ്പശാല
സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ടുമെന്റ് ഡയറക്ടർ ഇൻ ചാർജ് **ഇ.കെ.പ്രകാശ്** ഉദ്ഘാടനം ചെയ്യുന്നു

# വാർഷികകണക്ക് ഓഡിറ്റ് വിഭാഗത്തിനു കൈമാറാൻ ഇനി ഓൺലൈൻ സംവിധാനം

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ വാർഷിക കണക്കു നേരിട്ട് ഓഡിറ്റ് വിഭാഗത്തിനു കൈമാറുന്നതിനു ഓൺലൈൻ സംവിധാനമൊരുങ്ങുന്നു. ഇതിനായി കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ടുമെന്റ്, ഓഡിറ്റ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (എയിംസ്) എന്ന സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങളിൽ സാംഖ്യ സോഫ്റ്റ് വെയർ വഴി തയ്യാറാക്കുന്ന കണക്കുകൾ നേരിട്ട് ഓഡിറ്റ് വിഭാഗത്തിനു കൈമാറാനാകും. പുതിയ സോഫ്റ്റ് വെയർ പരിചയപ്പെടുത്തുന്നതിനു തദ്ദേശസ്ഥാപനങ്ങളിലെ അക്കൗണ്ടൻമാർക്കു കിലയിൽ ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു.സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ടുമെന്റ് ഡയറക്ടർ ഇൻ ചാർജ് ഇ.കെ.പ്രകാശ് ഉദ്ഘാടനം ചെയ്തു. ജോയിന്റ് ഡയറക്ടർ സാംങ്കി, കില ഫിനാൻസ് ആന്റ് അക്കൗൺസ് ഓഫീസർ ആർ. ഗിരിജാദേവി എന്നിവർ സംസാരിച്ചു. അഞ്ചു ജില്ലകളിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽനിന്നുള്ള 400 അക്കൗണ്ടന്മാരാണ് ആദ്യബാച്ചിലെ പരിശീലനത്തിൽ പങ്കെടുത്തത്. ശേഷിക്കുന്ന 800 പേർക്കുകൂടി അടുത്ത രണ്ടു ബാച്ചുകളിലായി പരിശീലനം നൽകും.




കേരളത്തിലെ പ്രാദേശികാസൂത്രണത്തെക്കുറിച്ചു പഠിക്കുന്നതിനു കിലയിലെത്തിയ ബംഗ്ലാദേശ് സംഘം.

# പ്രാദേശികാസൂത്രണം പഠിക്കാൻ ബംഗ്ല ാദേശ് ഉദ്യോഗസ്ഥസംഘം കിലയിൽ

**കേ**രളത്തിലെ പ്രാദേശികാസൂത്രണത്തെക്കുറിച്ചും നിർവഹണത്തെക്കുറിച്ചും വിഭവസമാഹരണത്തെക്കുറിച്ചും പഠിക്കുന്നതിനും അതു തങ്ങളുടെ രാജ്യത്ത് പ്രാവർത്തികമാക്കുന്നതിന്റെ സാദ്ധ്യതകൾ ആരായുന്നതിനുമുള്ള ഉന്നതതല ബംഗ്ലാദേശ് സംഘം കിലയിലെത്തി. യൂണിസെഫ് ബംഗ്ലാദേശ് ഘടകത്തിന്റെയും ചെന്നൈ യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിലുള്ള സംഘത്തിൽ സ്ത്രീകളുൾപ്പെടെ 50 പേരുണ്ട്.ബംഗ്ലാദേശിൽ പിന്നോക്കാവസ്ഥയിലുള്ള ഇരുപതു പഞ്ചായത്തുകളുടെ വികസനസൂചകങ്ങൾ ഉയർത്തുകയാണ് ലക്ഷ്യമെന്ന് യൂണിസെഫ് ബംഗ്ലാദേശ് ചീഫ് സാറാ ബോർഡാസ് എഡ്ഡി പറഞ്ഞു. കേരളത്തിലെ പഞ്ചായത്തകൾ സ്വീകരിച്ചിട്ടുള്ള വികസന അജണ്ടകളും നിരീക്ഷണവും സംഘം പഠനവിഷയമാക്കുമെന്നും അദ്ദേഹം പറഞ്ഞു.സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും പ്രാദേശികവികസനം ത്വരിതപ്പെടുത്താനും കേരള മാതൃകകൾ എങ്ങനെ ഉപയോഗപ്പെടുത്താമെന്നതാണ് സന്ദർശനത്തിന്റെ മറ്റൊരു തുടർന്ന് സംസാരിച്ച ബംഗ്ലാദേശ് അഡീഷ്ണൽ സെക്രട്ടറി മുഹമ്മദ് അഷാദുൾ ഇസ്ലാം വ്യക്തമാക്കി.

യൂണിസെഫ് ചെന്നൈ യൂണിറ്റിലെ സുഗതാ റോയ്, തോമസ് ജോർജ്,കില ഡയറക്ടർ ഡോ.പി.പി. ബാലൻ, ഡോ.പീറ്റർ എം.രാജ് എന്നിവർ സംസാരിച്ചു. കില അസി. പ്രൊഫ. ഡോ.ജെ.ബി.രാജൻ, പ്രൊഫ.ടി.രാഘവൻ, എം. ജി..കാളിദാസൻ, തുടങ്ങിയവർ വിവിധ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു.എറണാകുളം ജില്ലാപഞ്ചായത്ത്, കൊരട്ടി,മാള,അന്നമനട, എന്നീ ഗ്രാമപഞ്ചായത്തുകളും ചേർപ്പ്, പഴയന്നൂർ,വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തുകളും സംഘം സന്ദർശിക്കുന്നുണ്ട്.



ബാലാവകാശത്തെക്കുറിച്ചറിയാൻ കിലയിലെത്തിയ സ്കൂൾ വിദ്യാർത്ഥികളുമായി **ഡോ.പീറ്റർ എം.രാജ്** സംവദിക്കുന്നു

# ബാലാവകാശത്തെക്കുറിച്ചറിയാൻ കുട്ടികൾ കിലയിലെത്തി

**കില**യെക്കുറിച്ച് പഠിക്കാനും പഞ്ചായത്ത് രാജ് സംവിധാനത്തെക്കുറിച്ചറിയാനുമായി വിദ്യാർത്ഥികളെത്തി. കിലയിലെ ഗാന്ധി ആർട് ഗാലറിയും യൂണിസെഫ് സഹായത്തോടെ പ്രവർത്തിക്കുന്ന ചൈൽഡ് റിസോഴ്സ് സെന്ററും അവർ സന്ദർശിച്ചു. തൃശ്ശൂർ സേക്രഡ് ഹാർട്ട് കോൺവെന്റ് എൽ.പി.സ്കൂളിലെ 159 വിദ്യാർത്ഥികളും അധ്യാപകരുമാണ് സന്ദർശനത്തിനെത്തിയത്.

പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ബാലസഭയെക്കുറിച്ചും അതിൽ കുട്ടികൾ സജീവമാകേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും കിലയിലെ പ്രൊഫസർമാരായ ഡോ. പീററർ എം.രാജും ഡോ.ജെ.ബി.രാജനും വിശദീകരിച്ചു. പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചും ബാലാവകാശത്തെപ്പറ്റിയും അവർ കുട്ടികളുമായി സംവദിച്ചു. കില എക്സറ്റൻഷൻ ഫാക്കൽറ്റി ഭാസ്കരൻ പള്ളിക്കര,ക്ലാസ്സെടുത്തു.എൽ.പി.സ്കൂൾ വിഭാഗം പ്രധാന അധ്യാപിക സിസ്റ്റർ ഗീതി മറിയ, സ്കൂൾ പി.ടി.എ പ്രസിഡന്റ് സി.എഫ്. ജോഷി, വൈസ് പ്രസിഡന്റ് അനിൽ തുമ്പയിൽ, എക്സിക്യൂട്ടിവ് അംഗം സന്തോഷ് തറയിൽ വിദ്യാർത്ഥികളുടെ പ്രതിനിധി ഏഞ്ചൽ വർഗീസ് എന്നിവർ സംസാരിച്ചു.



കുപ്പംപുഴ സംരക്ഷണപദ്ധതിയുമായി ബന്ധപ്പെട്ട പദ്ധതിരേഖാപ്രകാശനവും ശിൽപ്പശാലയും ഗ്രാമവികസനവകുപ്പുമന്ത്രി **കെ.സി.ജോസഫ്** ഉദ്ഘാടനം ചെയ്യുന്നു

## നദികളുടെ സംരക്ഷണത്തിനു കില നേതൃത്വം നൽകണം: മന്ത്രി കെ.സി.ജോസഫ്

**കു**പ്പം പുഴ സംരക്ഷണപദ്ധതിപോലെ ഭാരതപ്പുഴയുടേയും കേരളത്തിലെ നദികളുടേയും സംരക്ഷണത്തിനു നേതൃത്വം നൽകാൻ കില തയ്യാറാകണമെന്ന് ഗ്രാമവികസനവകുപ്പു മന്ത്രി കെ.സി.ജോസഫ് പറഞ്ഞു. അത്തരം പദ്ധതികൾക്കു സർക്കാരിന്റെ എല്ലാവിധ സഹായവുമുണ്ടാകുമെന്നും മന്ത്രി ഉറപ്പു നൽകി. പുഴസംരക്ഷണപദ്ധതി തയ്യാറാക്കുന്നതിലൂടെ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പുഴയുടെ സംരക്ഷണമാണു കില ഏറ്റെടുത്തിരിക്കുന്നത്. പരിസ്ഥിതിയുടേയും പ്രകൃതിവിഭവങ്ങളുടെയും സംരക്ഷണത്തിനു പന്ത്രണ്ടാംപദ്ധതിയിൽ മുൻഗണന നൽകണം. കുപ്പം പുഴ സംരക്ഷണപദ്ധതിയുമായി ബന്ധപ്പെട്ട പദ്ധതിരേഖാപ്രകാശനവും ശിൽപ്പശാലയും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ ജെയിംസ് മാത്യു എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. കില ഡയറക്ടർ ഡോ. പി.പി. ബാലൻ, അളാകുളം മഹമ്മദ്, പി.ടി.മാത്യു,കല്ല്യശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.വി. പ്രീത, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ രാജേഷ് (പരിയാരം),ആനയ്ക്കൽ ചന്ദ്രൻ (പട്ടുവം), കെ.വി.രാമകൃഷ്ണൻ (കണ്ണപുരം), തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലത, കെ. വി.ഗോവിന്ദൻ തുടങ്ങിയവർ സംസാരിച്ചു.



ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾക്കു കിലയിൽ സംഘടിപ്പിച്ച രണ്ടുദിവസത്തെ പരിശീലനപരിപാടിയിൽ കോഴ്സ് ഡയറക്ടർ **ഡോ.ജെ.ബി.രാജൻ** സംസാരിക്കുന്നു

## ധനകാര്യസ്റ്റാൻഡിംഗ് കമ്മിററി പരിശീലനം തുടങ്ങി

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾക്കുള്ള രണ്ടുദിവസത്തെ പരിശീലനം കിലയിൽ ആരംഭിച്ചു. കിലയ്ക്കു പുറമെ തിരുവനന്തപുരം (ഗ്രാമീണപഠനകേന്ദ്രവും നിർമ്മിതികേന്ദ്രവും), കണ്ണൂർ (ഇൻഡോർ പാർക്ക്), പാലക്കാട് (ഐ. ആർ.ടി.സി), കോഴിക്കോട് (കിർട്ട് ആഡ്സ്) എന്നീ കേന്ദ്രങ്ങളിലും പരിശീലനം തുടങ്ങിയതായി കില ഡയറക്ടർ ഡോ.പി.പി.ബാലൻ അറിയിച്ചു. ത്രിതല പഞ്ചായത്തുകളിലെ ബജറ്റ് അവതരണത്തിനു അംഗങ്ങളെ പ്രാപ്തരാക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് ഈ പരിശീലനം. കിലയിലെ പരിശീലനപരിപാടി കില ഡയറക്ടർ ഉദ്ഘാടനം ചെയ്തു. കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി. രാജൻ പരിശീനത്തിന്റെ പ്രാധാന്യം വിശദീകരിച്ചു. കോഴ്സ് കോർഡിനേറ്റർമാരായ അഡ്വ. സാജിറ, കെ.വി.അനിൽകുമാർ എന്നിവർ സംസാരിച്ചു. കണ്ണൂർ, തിരുവനന്തപുരം, ഇടുക്കി ജില്ലകളിൽനിന്നുള്ള ജനപ്രതിനിധികളും അക്കൗണ്ടന്മാരുമാണ് പരിശീലനത്തിൽ പങ്കെടുക്കുന്നത്. ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ, പ്രാദേശികഭരണവും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും, വിഭവസമാഹരണം, ഫലപ്രദമായ ധനവിനിയോഗം, നികുതിനിർണയം, നികുതി അപ്പീൽ, ബജററ് രൂപീകരണം, ബജറ്റ് തയ്യാറാക്കൽ, ജെൻഡർ ബജററ്, അക്കൗണ്ടിംഗ്, ധനമാനേജ്മെന്റ്, തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് വിദഗ്ദ്ധർ ക്ലാസ്സെടുത്തു.



തെലുങ്കാനയിലെ കരിംനഗർ ജില്ലയിൽനിന്നുള്ള ജില്ലാപഞ്ചായത്തംഗങ്ങൾക്കു കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി കരിംനഗർ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് **ഉമ** ഉദ്ഘാടനം ചെയ്യുന്നു

# കരിംനഗർ ജില്ലയിൽ കേരള മാതൃക നടപ്പാക്കുമെന്ന് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ഉമ

**തെ**ലുങ്കാനയിലെ കരിംനഗർ ജില്ലയിൽ കേരള മാതൃക നടപ്പാക്കുമെന്നു കരിംനഗർ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ഉമ അറിയിച്ചു. എല്ലാ മേഖലയിലും കേരളം വളരെ മുന്നിലാണെന്നും വളരെ ചിട്ടയോടെയാണ് ഇവിടെ കാര്യങ്ങൾ നടക്കുന്നതെന്നും അവർ പറഞ്ഞു.കേരള മോഡൽ പഞ്ചായത്ത് രാജ് സംവിധാനവും വികേന്ദ്രീകൃതാസൂത്രണവും കരിംനഗർ ജില്ലയിൽ നടപ്പാക്കുന്നതിന്റെ സാദ്ധ്യതകൾ ആരായാൻ കിലയിലെത്തിയ ജില്ലാപഞ്ചായത്ത് അംഗങ്ങൾക്കു സംഘടിപ്പിച്ച മൂന്നു ദിവസത്തെ പരിശീലനപരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷത വഹിച്ചു. കോർഡിനേറ്റർ പ്രൊഫ.ടി.രാഘവൻ സംസാരിച്ചു. ജില്ലാപഞ്ചായത്ത് വൈസ്പ്രസിഡന്റുൾപ്പെടെയുള്ള സംഘത്തിൽ ഉദ്യോഗസ്ഥന്മാരടക്കം 57 പേരുണ്ട്. തെലുങ്കാനയിലെ ഗ്രാമവികസന ഇൻസ്ററിറ്റ്യൂട്ടിലെ ഓഫിസർമാർ, കരിംനഗർ ജില്ലയിലെ പരിശീലനത്തിന്റെ ചുമതലയുള്ള മാനേജർ, സംസ്ഥാനത്തെ അഞ്ചു പ്രമുഖ മാധ്യമങ്ങളുടെ പ്രതിനിധികൾ എന്നിവരടങ്ങുന്നതാണ് സംഘം. കില പ്രൊഫ. ഡോ.സണ്ണി ജോർജ്, എക്സ്റ്റഷൻ ഫാക്കൽറ്റികളായ ടി. രാഘവൻ, പി.വി.രാമകൃഷ്ണൻ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു. വല്ലച്ചിറ, മാടക്കത്തറ ഗ്രാമപഞ്ചായത്തുകളും തളിക്കുളം,മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തുകളും തൃശ്ശൂർ,പാലക്കാട് ജില്ലാ പഞ്ചായത്തുകളും സംഘാംഗങ്ങൾ ഗ്രൂപ്പുകളായി തിരിഞ്ഞ് സന്ദർശിച്ച് അവിടങ്ങളിലെ വികസനപ്രവർത്തനങ്ങളും പ്രവർത്തന രീതികളും നേരിൽ കണ്ട് വിലയിരുത്തി.



പരിശീലനപരിപാടിയിൽ പങ്കെടുത്ത കരിംനഗർ ജില്ലാപഞ്ചായത്തംഗങ്ങൾ



വികന്ദ്രീകൃതാസൂത്രണത്തെക്കുറിച്ചു പഠിക്കുന്നതിനു കിലയിലെത്തിയ തൃശ്ശൂർ സെന്റ് മേരീസ് കോളജ് വിദ്യാർത്ഥിനികൾ

## ചോദിക്കൂ പറയാം

? കർഷകതൊഴിലാളി പെൻഷൻ വാങ്ങുന്നവർക്കു വാർദ്ധക്യകാല പെൻഷന് അപേക്ഷിക്കാമോ?

● സാമൂഹ്യസുരക്ഷാപെൻഷനുകളുടെ അർഹതയ്ക്കുള്ള കുടുംബവാർഷികവരുമാനപരിധി 1 ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ഇ.പി.എഫ് പെൻഷൻ,വിവിധ ക്ഷേമനിധി ബോർഡുകൾ നൽകുന്ന പെൻഷൻ, കർഷകതൊഴിലാളി/കർഷകപെൻഷൻ എന്നിവ വാങ്ങുന്നവർ, ഹോണറേറിയം കൈപററുന്ന അങ്കണവാടി ജീവനക്കാർ, ഹോണറേറിയം കൈപററുന്ന തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഗ്രാൻഡ് ലഭിക്കുന്ന അനാഥ/അഗതി/വൃദ്ധമന്ദിരം/അന്തേവാസികൾ തുടങ്ങിയവർക്കു കുടുംബവാർഷിക വരുമാനപരിധിയും മറ്റു അർഹതാമാനദണ്ഡങ്ങളും വിധേയമാക്കി ഏതെങ്കിലും ഒരു സാമൂഹ്യസുരക്ഷാ പെൻഷൻ കൂടി അനുവദിക്കാവുന്നതാണ്. (സ.ഉ. (എം.എസ്)9/2016 സാ.നീ.വ.തീയതി.30.1.2016)

? കേരളപഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്കു ലൈസൻസ് നൽകൽ ചട്ടങ്ങൾ 2012) നിലവിൽ വന്നതു മുതൽ പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ 1998 നിലവിലുണ്ടോ? അഞ്ചു പന്നികൾ വരെ വളർത്തുന്നതിനു ലൈസൻസ് ആവശ്യമുണ്ടോ?

● 2012 ലെ കേരള പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാമുകൾക്കു ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം 5 ൽ കൂടുതൽ പന്നികളെ വളർത്തണമെങ്കിൽ ഈ ചട്ടപ്രകാരമുള്ള ലൈസൻസ് നേടിയിരിക്കണം. എന്നാൽ 5 എണ്ണം വരെ വളർത്തുന്നതിനു 1998 ലെ കേരള പഞ്ചായത്ത് രാജ് പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് എടുക്കേണ്ടതുണ്ട്. ആയതിനാൽ പട്ടി/പന്നി എന്നിവ ഒരെണ്ണമായാലും ലൈസൻസ് വാങ്ങേണ്ടതാണ്. 1998 ലെ ചട്ടങ്ങൾക്കു മാറ്റമൊന്നും വരുത്തിയിട്ടില്ല. (സർക്കുലർ നമ്പർ 516/ആർ.സി 3 /2015 തസ്വഭവ. 6.2.2016)

? ഡി.ആന്റ് ഒ ലൈസൻസ് എടുക്കുമ്പോഴും പുതുക്കുമ്പോഴും ഹെൽത്ത് ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ട ആവശ്യമാണെന്നു പറയുന്നു.ശരിയാണോ?

● ശരിയാണ്.ഡി.ആന്റ് ഒ ലൈസൻസ് നൽകുന്നതിനു മുമ്പ് ഹെൽത്ത് ഇൻസ്പെക്ടർ സ്ഥലപരിശോധന നടത്തുകയും അതുപ്രകാരമുള്ള ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കുകയും വേണം.(സർക്കുലർ നമ്പർ 66562/ആർ.സി.3/12/തസ്വഭവ.തീയതി.11.1.2013)

? 2016-17 വർഷത്തേക്കുള്ള പഞ്ചവത്സരപദ്ധതിയുടെ പ്രോജക്ട് തയ്യാറാക്കുമ്പോൾ പട്ടികജാതി/ പട്ടികവർഗ്ഗഭവന പുനരുദ്ധാരണത്തിനു എത്ര തുകയാണ് വക കൊള്ളിക്കേണ്ടത്?

● 2016-17 വർഷത്തേക്കുള്ള പഞ്ചവത്സരപദ്ധതിയുടെ പ്രൊജക്ട് തയ്യാറാക്കുമ്പോൾ സ.ഉ.(എം.എസ്) 4/2016 തസ്വഭവ തീയതി 11.1.2016 ഉത്തരവുപ്രകാരമുള്ള മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിലാണ് തയ്യാറാക്കേണ്ടത്. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കു ഭവനപുനരുദ്ധാരണം,ഭവനനിർമ്മാണത്തിനു സ്ഥലം വാങ്ങൽ എന്നിവയ്ക്കു പട്ടികജാതി/പട്ടികവർഗ്ഗവകുപ്പുകൾ നിശ്ചയിക്കുന്ന ധനസഹായനിരക്ക് 20.1.2016 മുതൽ അവലംബിക്കാൻ അനുവാദം നൽകിയിട്ടുണ്ട്. (സ.ഉ.(സാധാ) 420/16 തസ്വഭവ. തീയതി.2.2.2016)

? മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ അപേക്ഷയുടെ വരുമാനപരിധി എത്രയാണ്. അർഹതാമാനദണ്ഡങ്ങൾ ഏതൊക്കെ?

● മാനസിക-ശാരീരിക വൈകല്യങ്ങൾ നേരിടുന്ന വർക്കുള്ള പെൻഷൻ അപേക്ഷകരുടെ കുടുംബവാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയായിരിക്കണം. വരുമാനസാക്ഷ്യപത്രം വില്ലേജ് ഓഫീസറിൽനിന്ന് വാങ്ങേണ്ടതാണ്. നിശ്ചിതഫോറത്തിലുള്ള അപേക്ഷ പഞ്ചായത്തിൽ സമർപ്പിക്കണം. ശാരീരികവൈകല്യത്തിൽ അസ്ഥിവൈകല്യം ചുരുങ്ങിയത് 40% ഉണ്ടായിരിക്കണം.അന്ധത ലെൻസ് ഉപയോഗിച്ചിട്ടും കാഴ്ചശക്തി6/60 അല്ലെങ്കിൽ 20/200,സ്തെല്ലനിൽ കൂടുതലാവരുത് . ബധിരർ-കേഴവിശേഷി 90 ഡെസിബല്ലിൽ കുറഞ്ഞത്,മാനസിക വൈകല്യം ഐ.ക്യു 50ൽ താഴെ എന്നീ നിലയിൽ ഉള്ളവരായിരിക്കണം. ആയതിനുള്ള സാക്ഷ്യപത്രം ഹാജരാക്കണം. സാമൂഹ്യസുരക്ഷാമിഷൻ നൽകുന്ന തിരിച്ചറിയൽ കാർഡ് ഉണ്ടെങ്കിൽ വികലാംഗത്വം തെളിയിക്കുന്ന മറ്റു രേഖ ആവശ്യമില്ല.(ജി.ഒ.(എം.എസ്)8/2015 എസ്.ജി.ഡി.സി. തീയതി.12.2.2015, സ.ഉ. (സാധാരണ)602/2015 സാ.നീ. വ.9.12.13 സർക്കുലർ നമ്പർ 1050/എസ്.3/11/എസ്.സി.പി.ഡബ്ല്യു.ഡി.9.11.2011)

? ജനനരജിസ്ററിൽ കുട്ടിയുടെ പേരു ചേർക്കുന്നതിനും തിരുത്തുന്നതിനും മാതാപിതാക്കളുടെ സംയുക്ത അപേക്ഷ ആവശ്യമാണെന്നാണല്ലോ പറയുന്നത്. എന്നാൽ വിവാഹബന്ധം വേർപ്പെടുത്തിയ കേസുകളിലും മാതാവ്/പിതാവ് ഉപേക്ഷിച്ചുപോയ കേസ്സുകളിലും ജനനരജിസ്റ്ററിൽ കുട്ടിയുടെ പേരു തിരുത്താൻ എന്തുചെയ്യണം?

● വിവാഹബന്ധം വേർപ്പെടുത്തിയ കേസുകളിലും മാതാവ്/പിതാവ് ഉപേക്ഷിച്ചുപോയിട്ടുള്ള കുട്ടികളുടെ വിഷയത്തിലും കുട്ടി ആരുടെ സംരക്ഷണയിലാണോ അതനുസരിച്ച് മാതാവിന്റെ/പിതാവിന്റെ മാത്രം അപേക്ഷയുടെ അടിസ്ഥാനത്തിൽ ജനനരജിസ്ററിൽ പേരു തിരുത്തി നൽകുന്നതിനു കുട്ടി ആരുടെ സംരക്ഷണയിലാണെന്നും ഉപേക്ഷിക്കപ്പെട്ടതാണോ എന്നതുസംബന്ധിച്ചും കോടതി ഉത്തരവുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിലും ഇല്ലെങ്കിൽ മാതാവിന്റെ/പിതാവിന്റെ താമസസ്ഥലം സ്ഥിതിചെയ്യുന്ന പ്രദേശത്തെ പോലിസ് സർക്കിൾ ഇൻസ്പെക്ടർ നൽകുന്ന സർട്ടിഫിക്കറ്റിന്റെയും അതു ശരിയാണെന്നു രണ്ടു പ്രമുഖവ്യക്തികൾ നൽകുന്ന സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ രജിസ്ററാർക്കു അന്വേഷണം നടത്തി ബോധ്യപ്പെടുന്ന സംഗതികളിൽ ജനനരജിസ്റ്ററിൽ കുട്ടിയുടെ പേരു തിരുത്തി നൽകാവുന്നതാണ്.(സർക്കുലർ നമ്പർ 187609/ആർ.ഡി3/15 തസ്വഭവ.തീയതി 12.1.2016)

? വാദ്യ ഉപകരണങ്ങൾ നൽകുന്നതിനു ഒരു പ്രോജകട് വയ്ക്കണമെന്നു പഞ്ചായത്ത് ഭരണസമിതി ആവശ്യപ്പെടുന്നു.അപ്രകാരം ചെയ്യാമോ?

● ഗ്രാമസഭാനിർദ്ദേശം ഉണ്ടെങ്കിൽ ഭരണസമിതിയുടെ തീരുമാനപ്രകാരം അത്തരം പ്രോജക്ട് വയ്ക്കാം. എന്നാൽ അതു തൊഴിൽസംരംഭം എന്ന നിലയിലായിരിക്കും. സ്വയം തൊഴിൽ സംരംഭം എന്ന നിലയിലുള്ള അർഹതാമാനദണ്ഡങ്ങൾ പരിശോധിച്ച് ഗ്രൂപ്പുസംരഭത്തിനു തൊഴിലുപകരണങ്ങൾ എന്ന നിലയിൽ പദ്ധതി തയ്യാറാക്കി മാർഗ്ഗരേഖ നിബന്ധനകൾക്കു വിധേയമായി നടപ്പാക്കാം.

### തിരുത്ത്

ഫെബ്രുവരി ലക്കം കില വാർത്താപത്രികയിൽ വാർഡ് വികസനസമിതിയിൽ 25 പേർ ഉണ്ടായിരിക്കണമെന്നും ഓരോ അയൽസഭയിൽനിന്നു തെരഞ്ഞെടുത്തുവരുന്ന രണ്ടുപേരെ കൂടാതെ ബാക്കിയുള്ളവരെ ഗ്രാമസഭയിൽനിന്നു തെരഞ്ഞെടുക്കേണ്ടതാണെന്നും തിരുത്തി വായിക്കുക.




തിരുവനന്തപുരത്ത് വിവിധ വകുപ്പുകളുടെ പ്രതിനിധികൾ പങ്കെടുത്ത സംസ്ഥാനതല കൂടിയാലോചനായോഗം സാമൂഹ്യനീതി വകുപ്പു സ്പെഷൽ സെക്രട്ടറി **ഷാജഹാൻ ഐ.എ.എസ്** ഉദ്ഘാടനം ചെയ്യുന്നു

# കേരളത്തിലെ വികസനമാതൃക ഇന്ത്യയിൽ മികച്ചത് : യൂണിസെഫ് ചീഫ്

**കേ**രളത്തിലെ വികസനമാതൃകയും നേട്ടങ്ങളും ഇന്ത്യയിൽ തന്നെ മികച്ചതാണെന്നു ഇന്ത്യയിലെ യൂണിസെഫ് ചീഫ് ജേബ് സക്കറിയ അഭിപ്രായപ്പെട്ടു. സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളിൽ കുട്ടികൾക്കു നൽകേണ്ട മുൻഗണനയെക്കുറിച്ച് ചർച്ച ചെയ്യാൻ തിരുവനന്തപുരത്ത് വിവിധ വകുപ്പുകളുടെ പ്രതിനിധികൾ പങ്കെടുത്ത സംസ്ഥാനതല കൂട്ടായ്മയിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. നിലവിലുള്ള നേട്ടങ്ങൾ രാജ്യാന്തര നിലവാരത്തിലെത്തിക്കുന്നതിനു ചില മേഖലകളിൽ പ്രത്യേക ഇടപെടൽ വേണ്ടിവരും. ശിശുമരണം, പോഷണനിലവാരം, അനീമിയ എന്നീ കാര്യങ്ങളിൽ ശക്തമായ ഇടപെടൽ വേണം. ബാലസൗഹൃദപഞ്ചായത്തുകളിലൂടെ ആരോഗ്യം, പോഷണം,വിദ്യാഭ്യാസം ഭിന്നശേഷി, പങ്കളിത്തം എന്നീ മേഖലകളിൽ ഇനിയും ഇടപെടൽ നടത്തേണ്ടതുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേരളത്തിലെ ശിശുനയം കുട്ടികളുടെ മുഴുവൻ അവകാശങ്ങളും സ്വായത്തമാക്കാൻ കഴുയുംവിധം പുനരാവിഷ്ക്കരിച്ചിട്ടുണ്ടെന്ന് കൂട്ടായ്മ ഉദ്ഘാടനം ചെയ്ത സാമുഹ്യനീതി വകുപ്പു സ്പെഷൽ സെക്രട്ടറി ഷാജഹാൻ ഐ.എ.എസ് പറഞ്ഞു. കില ഡയറ്കടർ ഡോ. പി.പി.ബാലൻ, യൂണിസെഫ് ചെന്നൈ യൂണിറ്റിലെ ഡോ. അഖില രാധാകൃഷ്ണൻ കില അസോസിയേറ്റ് പ്രൊഫ. ഡോ.പീറ്റർ എം.രാജ് എന്നിവർ സംസാരിച്ചു.ജോൺസാമുവൽ, എൻ. അജിത്കുമാർ, ഡോ.അഖില രാധാകൃഷ്ണൻ, അബ്ദുൾ ബഷീർ, കെ.ഗോപാലകൃഷ്ണൻ എന്നിവർ വിഷയാവതരണം നടത്തി.കിലയും യൂണിസെഫും സംയുക്തമായാണ് കൂട്ടായ്മ സംഘടിപ്പിച്ചത്.



കേരളത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ധനസ്ഥിതിയും ധനവിനിയോഗവും പഠിക്കാൻ കിലയിലെത്തിയ ആന്ധ്രയിലെ നാലാം ധനകാര്യകമ്മീഷനിലെ അംഗങ്ങളും ഉദ്യോഗസ്ഥരും കില ഡയറക്ടറുമായി ചർച്ച നടത്തുന്നു

# ആന്ധ്രയിലെ ധനകാര്യകമ്മീഷൻ അംഗങ്ങൾ കിലയിൽ

**കേ**രളത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ധനസ്ഥിതിയും ധനവിനിയോഗവും പഠിക്കാൻ ആന്ധ്രയിലെ നാലാം ധനകാര്യകമ്മീഷനിലെ അംഗങ്ങളും ഉദ്യോഗസ്ഥരും കിലയിലെത്തി. തിരുവനന്തപുരത്ത് സംസ്ഥാന ധനകാര്യകമ്മീഷനുമായി നടത്തിയ ചർച്ചകൾക്കുശേഷമാണ് സംഘം എത്തിയത്. കിലയിലെത്തിയ സംഘത്തെ കില ഡയറക്ടർ ഡോ.പി.പി.ബാലനും ഫാക്കൽററികളും ചേർന്നു സ്വീകരിച്ചു. തദ്ദേശസ്ഥാപനങ്ങളിലെ വിഭവങ്ങളുടെ ലഭ്യതയും അതിന്റെ വിനിയോഗരീതിയും കില ഡയറക്ടർ വിശദീകരിച്ചു. തദ്ദേശസ്ഥാപനങ്ങളുടെ അധികാരങ്ങൾ, ചുമതലകൾ, വികേന്ദ്രീകൃതാസൂത്രണം എന്നിവയെക്കുറിച്ചും സംഘാംഗങ്ങളാരാഞ്ഞു. കമ്മീഷൻ അംഗങ്ങൾ മൂന്നു ദിവസം കിലയിൽ ചെലവഴച്ചു.

പാലക്കാട് ജില്ലാപഞ്ചായത്ത്, പാലക്കാട് നഗരസഭ, ചേലക്കര ഗ്രാമപഞ്ചായത്ത്, പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ സന്ദർശിച്ച് അവിടങ്ങളിലെ പ്രവർത്തനങ്ങളെക്കുറിച്ച് ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായും സംഘം ചർച്ച നടത്തി.



വികന്ദ്രീകൃതാസൂത്രണത്തെക്കുറിച്ചു പഠിക്കുന്നതിനു കിലയിലെത്തിയ തൃശ്ശൂർ സെന്റ് മേരീസ് കോളജിൽനിന്നുള്ള വിദ്യാർത്ഥിനികൾക്കു സംഘടിപ്പിച്ച പരിശീലനപരിപാടി കില ഡയറക്ടർ **ഡോ.പി.പി.ബാലൻ** ഉദ്ഘാടനം ചെയ്യുന്നു

# വികേന്ദ്രീകൃതാസൂത്രണം പഠിക്കാൻ കോളജ് വിദ്യാർത്ഥികൾ

**കേരളത്തിലെ** പഞ്ചായത്ത്‌രാജ് സംവിധാനത്തെക്കുറിച്ചും വികേന്ദ്രീകൃതാസൂത്രണത്തെക്കുറിച്ചും പഠിക്കുന്നതിനും കിലയിലെ പരിശീലനരീതികളെക്കുറിച്ചറിയാനും തൃശ്ശൂർ സെന്റ് മേരീസ് കോളജിൽനിന്നുള്ള വിദ്യാർത്ഥിനികൾ കിലയിലെത്തി. വിവധ ഡിപ്പാർട്ടുമെന്റുകളിൽ പ്രാഗൽഭ്യം തെളിയിച്ച 29 വിദ്യാർത്ഥികളാണ് കിലയിലെത്തിയത്. വികേന്ദ്രീകൃതാസൂത്രണത്തെക്കുറിച്ച് വിദ്യാർത്ഥികൾക്കു സംഘടിപ്പിച്ച പരിശീലനപരിപാടി കില ഡയറക്ടർ ഡോ.പി.പി.ബാലൻ ഉദ്ഘാടനം ചെയ്തു. ഭാസ്ക്കരൻ പള്ളിക്കര വിഷയാവതരണം നടത്തി. കില ഫാക്കൽററികളായ ഡോ.സണ്ണി ജോർജ്, ഡോ.ജെ.ബി. രാജൻ, ഡോ.പീറ്റർ എം.രാജ് എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ധനകാര്യസ്റ്റാൻഡിംഗ് കമ്മിററി അംഗങ്ങൾക്കും ഉദ്യോഗസ്ഥന്മാർക്കും വേണ്ടി സംഘടിപ്പിച്ച വിവിധ പരിശീലനക്ലാസ്സുകളിൽ വിദ്യാർത്ഥികൾ നിരീക്ഷകരായി സംബന്ധിച്ചു. അയൽസഭകളെക്കുറിച്ചും അതിൽ പങ്കെടുക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും അറിയാൻ കുട്ടികൾ ഏറെ താൽപര്യം പ്രകടിപ്പിച്ചു.



വികസനപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് കോഴിക്കോട് കോർപ്പറേഷനിലെ ജനപ്രതിനിധികൾക്കുള്ള ദ്വിദിന പരിശീലനപരിപാടി കിലയിൽ കോർപ്പറേഷൻ മേയർ **വി.കെ.സി മമ്മദ്കോയ** ഉദ്ഘാടനം ചെയ്യുന്നു

# വികസനപദ്ധതിരൂപീകരണം: കോഴിക്കോട് കോർപ്പറേഷൻ കൗൺസിലർമാർക്കു കിലയിൽ പരിശീലനം

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ വികസനപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് കോഴിക്കോട് കോർപ്പറേഷനിലേക്കു തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കുള്ള ദ്വിദിന പരിശീലനപരിപാടി കിലയിൽ തുടങ്ങി. കോർപ്പറേഷൻ മേയർ വി.കെ.സി മമ്മദ്കോയ ഉദ്ഘാടനം ചെയ്തു. കില ഡയറക്ടർ ഡോ.പി.പി. ബാലൻ അദ്ധ്യക്ഷതവഹിച്ചു. കോഴ്സ് ഡയറക്ടർമാരായ ഡോ.സണ്ണി ജോർജ്, ഡോ.ജെ.ബി.രാജൻ കോർഡിനേറ്റർ കെ.പി.എ ഹാഷിം എന്നിവർ സംസാരിച്ചു. കേരളത്തിലെ അധികാരവികേന്ദ്രീകരണം, പങ്കാളിത്ത ആസൂത്രണ പ്രക്രിയ, വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, കമ്മ്യൂണിറ്റി പ്ലാൻ, വികസനരേഖ തയ്യാറാക്കൽ, ഉപപദ്ധതികൾ, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, പദ്ധതിനിർവഹണരീതികൾ, വാർഷികപദ്ധതി കലണ്ടർ തയ്യാറാക്കൽ, ജനപ്രതിനിധി–ഉദ്യോഗസ്ഥ ബന്ധം തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ദ്ധർ ക്ലാസ്സെടുത്തു.സി.രാധാകൃഷ്ണൻ, പപ്പൻ കുട്ടമ്മത്ത്, അഡ്വ.സി.കെ.സാജിറ, സദനരാജൻ, കെ.വി.അനിൽകുമാർ, പി.ബാലചന്ദ്രമേനോൻ, സി.എം.പ്രേമാനന്ദ് തുടങ്ങിയവർ നേതൃത്വം നൽകി.


KILA News letter Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 (for private circulation only)